"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രി പ്രവർത്തനം അപകടാവസ്ഥയിലായ കെട്ടിടത്തിൽ നിന്നും താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1867/2023/LSGD തീയതി,തിരുവനന്തപുരം, 21-09-2023

---

പരാമർശം:-

1) ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12/05/23-ലെ HL-5414-2023 നമ്പർ കത്ത്.
2) ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ LSGD/JD/ALP/1224/2023-G4 നമ്പർകത്ത്.
3) തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറുടെ 21.07.2023-ലെ LSGD/PD/41818/2023-AR2 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടം അപകടാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ ആശുപത്രി പ്രവർത്തനം നിലവിൽ ലഭ്യമായിട്ടുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകുവാനോ അല്ലെങ്കിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിച്ച് വരുന്ന ജനറൽ ആശുപത്രിയിലെ വനിത-ശിശു ആശുപത്രിയിലെയോ നിലവിൽ ഉപയോഗിക്കാത്ത ഭാഗം ജില്ലാ ആയുർവേദ ആശുപത്രിയുടെ താൽക്കാലിക പ്രവർത്തനത്തിന് അനുവദിച്ച് നൽകുവാനോ ഉള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു. നിലവിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആശുപത്രി കെട്ടിടം താൽക്കാലികമായി പ്രവർത്തിക്കാനായി കണ്ടെത്തിയ ആലപ്പുഴ മുനിസിപ്പൽ പരിധിയിലുള്ള കളപ്പുര വാർഡിൽ ഹാരീസ് രാജ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആശുപത്രി താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിക്കുയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം അപകടാവസ്ഥയിലായ നിലവിലെ കെട്ടിടത്തിൽ നിന്നും താൽക്കാലികമായി ജില്ലാ പഞ്ചായത്ത് കണ്ടെത്തിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.1867/2023/LSGD

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്(റൂറൽ)

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, ആലപ്പുഴ

എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Reenamma P A

സെക്ഷൻ ഓഫീസർ

Date: 21-09-2023 10:53:31